# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1103 - 13/06/2013- ൽ മറുപടിക്ക്

## വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) പുതിയ വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കമോ; | (എ) വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ഭരണപരമായ സൗകര്യം നിയമസഭാ മണ്ഡലങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എന്നിവയാണ്. |
| (ബി) താലൂക്ക് പുന:സംഘടനയുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഏതെങ്കിലും കമ്മീഷനുകളെ നിയോഗിച്ചിരുന്നുവോ; | (ബി) താലൂക്ക് വില്ലേജ് പുന:സംഘടനയുമായി ബന്ധപ്പെട്ട് വിവിധ സർക്കാരുകൾ താഴെപ്പറയുന്ന കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ട്.<br>1. ഡോ. ഡി. ബാബുപോൾ കമ്മീഷൻ<br>2. എം.ജി.കെ.മൂർത്തി കമ്മീഷൻ<br>3. എസ്. സുന്ദരേശൻ കമ്മീഷൻ<br>4. കെ.ജെ.അൽഫോൺസ് കമ്മീഷൻ |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഈ കമ്മീഷനുകൾ ശുപാർശ ചെയ്ത താലൂക്കുകൾ ഏതൊക്കെയാണെന്നറിയിക്കുമോ; | (സി) യും (ഡി) യും | നിയമസഭാ മാണ്ഡലങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളും ഭരണമായ സൗകര്യങ്ങളും കണക്കിലെടുത്താണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ചു ഇപ്പോൾ തീരുമാനം എടുത്തിട്ടുള്ളത്. |
| (ഡി) | പുതിയ താലൂക്ക് പ്രഖ്യാപനത്തിൽ പ്രസ്തുത കമ്മീഷനുകളുടെ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ